നമ്പർ. സി.ബി. (3) 1705/2008

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 02-08-2008

## സർക്കുലർ നമ്പർ 54/2008

വിഷയം : ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും സംഘടിപ്പിക്കപ്പെടുന്ന സമ്മേളനങ്ങൾക്കും പഠനയാത്രകൾക്കും സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളെ അയയ്ക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : (1) സഹകരണ സംഘം രജിസ്ട്രാറുടെ 18-05-1980 ലെ 19/81 നമ്പർ സർക്കുലർ.

(2) സഹകരണ സംഘം രജിസ്ട്രാറുടെ 31-01-1981 ലെ 71/82 നമ്പർ സർക്കുലർ.

(3) സഹകരണ സംഘം രജിസ്ട്രാറുടെ 30-09-1983 ലെ 54/83 നമ്പർ സർക്കുലർ.

(4) സഹകരണ സംഘം രജിസ്ട്രാറുടെ 27-02-2004 ലെ 9/2004 നമ്പർ സർക്കുലർ.

സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ സഹകരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് പങ്കെടുക്കുന്നതിനും പഠന യാത്രകൾ നടത്തുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും, ഇത്തരത്തിലുള്ള യാത്രകൾ നടത്തുന്നതിന് മുൻപ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടും സൂചനകൾ പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ലെന്നും സമ്മേളനങ്ങളിലും പഠന യാത്രകളിലും പങ്കെടുക്കുന്നതിനുള്ള അപേക്ഷ അവ്യക്തമായും അപൂർണ്ണമായും സമർപ്പിക്കുന്നതായും അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള പ്രവണതകൾ ഒഴിവാക്കുന്നതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ദേശീയവും അന്തർ ദേശീയവുമായ സമ്മേളനങ്ങളിലും പഠന യാത്രകളിലും പങ്കെടുക്കുന്നത് കഴിവതും ഒഴിവാക്കേണ്ടതാണ്.
2. പ്രതിനിധികളെ അയക്കേണ്ടി വരുമ്പോൾ കഴിവതും ഒരാളിൽ കൂടാൻ പാടില്ലാത്തതാണ്. യാതൊരു കാരണവശാലും മൂന്നിൽ കൂടുതൽ പ്രതിനിധികളെ ഒരു സഹകരണ സ്ഥാപനവും അയയ്ക്കാൻ പാടില്ലാത്തതുമാണ്.
3. സർക്കാരിന്റെ മുൻകൂർ അനുമതി നേടിയതിനുശേഷമേ ഇത്തരത്തിലുള്ള യാത്രകൾ നടത്താവു. ആയതിലേക്കുള്ള വ്യക്തമായ അപേക്ഷ സഹകരണ സംഘം രജിസ്ട്രാർ മുഖേന സമർപ്പിക്കേണ്ടതാണ്. യാത്രയുടെ ഉദ്ദേശ്യം, ഗതാഗത ചെലവ്, നിർദ്ദിഷ്ഠ യാത്രകൊണ്ട് സംഘത്തിനുണ്ടാകുന്ന പ്രയോജനം തുടങ്ങിയവ അപേക്ഷയിൽ വ്യക്തമായി പരാമർശിച്ചിരിക്കണം.
4. സഹകരണ സ്ഥാപനത്തിലെ ഏതെങ്കിലും ഒരു പ്രതിനിധി സമ്മേളനത്തിലോ പഠന യാത്രയിലോ പങ്കെടുത്ത അതേ വിഷയം സംബന്ധിച്ച് യാതൊരു കാരണവശാലും വീണ്ടും ആ സ്ഥാപനത്തിലെ ഒരു പ്രതിനിധിയെ അയക്കാൻ പാടില്ലാത്തതാണ്.

5. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ യാതൊരു കാരണവശാലും സമ്മേളനങ്ങളിലും പഠന യാത്രകളിലും പങ്കെടുക്കുന്നതിന് പ്രതിനിധികളെ അയക്കാൻ പാടില്ല.

6. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ സഹകരണ സ്ഥാപനത്തിന്റെ ചെലവിൽ നടത്തുന്ന യാത്രകൾ നിയമപരമായി സാധൂകരണമില്ലാത്തവയാണ്. ഇത്തരത്തിലുള്ള യാത്രകൾ നടത്തിയാൽ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 68 പ്രകാരം സർചാർജ്ജ് നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതായിരിക്കും.

7. സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാതെ സഹകരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ സഹകരണ സ്ഥാപനങ്ങളുടെ ചെലവിൽ നടത്തുന്ന യാത്രകൾക്ക് ചെലവാകുന്ന തുക ഓഡിറ്റിൽ കരുതൽ വയ്ക്കേണ്ടതും ആയത് ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

8. സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാതിരിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ യാത്രകൾ കൂടിയേ തീരൂ എന്നുണ്ടെങ്കിൽ, അത് യാത്ര ചെയ്യുന്നവരുടെ സ്വന്തം ചെലവിൽ മാത്രം ആകാവുന്നതാണ്. ആയതിലേക്കായി സഹകരണ സ്ഥാപനങ്ങളുടെ പൊതുമുതലിൽ ബാധ്യത ഇല്ലാത്തതാകുന്നു.

മേൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങളോടൊപ്പം സൂചനയിലെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കൂടി കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു. മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ എല്ലാ സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ്

റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

(1) പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ,
എല്ലാ അപെക്സ് സഹകരണ സ്ഥാപനങ്ങൾക്കും.
(2) പ്രസിഡന്റ്/ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
(3) ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർ
സംസ്ഥാന സഹകരണ ബാങ്ക് &
സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
(4) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.
(5) എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും.
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
(6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മുഖേന)
(7) ഈ ഓഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും.
(8) എഡിറ്റർ, സഹകരണ വീഥി – പ്രസിദ്ധീകരണത്തിന്.
(9) എഡിറ്റർ, സഹകരണ ജേർണൽ – പ്രസിദ്ധീകരണത്തിന്.
(10) സ്റ്റോക്ക് ഫയൽ, (11) സ്പെയർ.

ആജ്ഞാനുസരണം

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി